Draft #4 of File 24740/AD A8-1/2026/AD A 8 Approved by REGISTRAR (i/c) on 22-Oct-2026 11:47 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

നമ്പർ. 24740/AD A8-1/2026/എ ഡി എ

തീയതി: 22.10.2026

8

പ്രിയദർശിനി ഹിൽസ്

സർക്കുലർ

വിഷയം:- സർവകലാശാലാ പെൻഷൻകാരുടെ 2026-27 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കുകളുടെ സമർപ്പണം (അന്തിമം) - സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത്- സംബന്ധിച്ച്

സൂചന :- _____

മഹാത്മാഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2026-27 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കാക്കുന്നതിനായുള്ള അന്തിമ കംപ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഔദ്യോഗിക വെബ്സൈറ്റായ "www.mgu.ac.in"-ലെ 'Circulars' എന്ന ലിങ്കിലും Pensioner's Portal-ഉം ലഭ്യമാണ്. നികുതി കണക്കാക്കുന്നതിന് ഫിനാൻസ് ആക്ട് 2019 (Old Scheme) തിരഞ്ഞെടുക്കുന്നവർ പ്രസ്തുത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി നടപ്പു സാമ്പത്തിക വർഷത്തെ സേവിങ്സ് സംബന്ധമായ കണക്കുകളുടെ **ഒറിജിനൽ രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് P.O., കോട്ടയം-686560** എന്ന വിലാസത്തിൽ **2026 നവംബർ 20** ന് മുൻപായി അയച്ചുതരേണ്ടതാണ്. ഫിനാൻസ് ആക്ട് 2020 (New Scheme) തിരഞ്ഞെടുക്കുന്നവർ അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് മുകളിൽ സൂചിപ്പിച്ച വിലാസത്തിൽ തപാൽ മാർഗമോ അല്ലെങ്കിൽ **ada8@mgu.ac.in** എന്ന ഇമെയിൽ വിലാസത്തിലോ അയച്ചുതരേണ്ടതാണ്.

ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ

1. 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനുള്ളതുമായ പെൻഷൻ, ക്ഷാമാശ്വാസ കൂടിശ്ശിക, പെൻഷൻ പരിഷ്കരണ കൂടിശ്ശിക, ഇതര കൂടിശ്ശികകൾ എന്നിവ കണക്കുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.
2. **സെക്ഷൻ 123, ചാപ്റ്റർ VIIIA എന്നിവ പ്രകാരമുള്ള കിഴിവുകൾ ആവശ്യപ്പെടുന്നവർ നിർബന്ധമായും അനുബന്ധരേഖകളുടെ ഒറിജിനൽ സ്റ്റേറ്റ്മെന്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**
3. ആദായ നികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന അനുബന്ധ രേഖകൾ നിയമപരമായി അംഗീകാരമുള്ളതാണെന്ന് പെൻഷൻകാർ ഉറപ്പുവരുത്തേണ്ടതാണ്.

4. ഭവന നിർമ്മാണ വായ്പാ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിന്റെയും പലിശയുടെയും വേർതിരിച്ച കണക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങി നികുതി കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. ആദായ നികുതി വകുപ്പ് 2020-2021 സാമ്പത്തിക വർഷം മുതൽ രണ്ടു രീതിയിൽ കണക്കുകൾ ഏകോപിപ്പിച്ചു സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്

    (i) 2019 ഫിനാൻസ് ആക്ട് *(OLD SCHEME)*

    (ii) 2020 ഫിനാൻസ് ആക്ട് - പ്രകാരം *115 BAC (NEW SCHEME)*

എല്ലാ പെൻഷൻകാരും **ഇതിൽ അഭികാമ്യമായ ഏതെങ്കിലും ഒന്നു മാത്രം തിരഞ്ഞെടുക്കേണ്ടതും ആയത് കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റിന്റെ ബാധകമായ കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്**. അല്ലാത്തപക്ഷം **പുതിയ സ്കീമിൽ** ടാക്സ് കണക്കാക്കുന്നതാണ്.

ഡോ. ബിനു ജോർജ് വർഗ്ഗീസ്

രജിസ്ട്രാർ (i/c)

സ്വീകർത്താവ്

എല്ലാ പെൻഷൻകാരും

Draft #4 of File 24740/AD A8-1/2026/AD A 8 Approved by REGISTRAR (i/c) on 22-Oct-2026 11:47 PM - Page 2